(ബി) എങ്കിൽ ആര് നൽകിയ വിസയാണ് അയാൾ ഹാജരാക്കിയത് ; വിസ ഇല്ലാതിരുന്നപക്ഷം അദ്ദേഹത്തെ സംസ്ഥാനത്ത് ഇറങ്ങുവാൻ അനുവദിച്ചത് എപ്രകാരമാണ് ;

(സി) ഈ വ്യക്തിയെ വയറുവേദനയ്ക്ക് ചികിത്സിക്കുവാൻ തിരുവനന്തപുരത്ത മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോവുക ഉണ്ടായോ ;

(ഡി) മതിയായ യാത്രാരേഖകളില്ലാതെ ഇവിടെ ഇറങ്ങിയ ഈ വ്യക്തിയെ സൂക്ഷിക്കുവാൻ ആശുപത്രിയിൽ പോലീസിനെ ഏർപ്പെടുത്തിയിരുന്നുവോ ; എങ്കിൽ ആരെയെല്ലാം ;

(ഇ) ഈ വ്യക്തി പ്രസ്തുത ആശുപത്രിയിൽ എത്ര കാലം കിടന്നു ; ഇയാൾ ആശുപത്രിയിൽ നിന്നും പോയപ്പോൾ വിവരം പോലീസിന് റിപ്പോർട്ട് ചെയ്തിരുന്നുവോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(എഫ്) യാത്രാരേഖകൾ ഇല്ലാതെ വന്നയാൾ ഡി.വൈ.എഫ്.ഐ. സമ്മേളനത്തിൽ സംബന്ധിച്ചിട്ടുണ്ടോ ;

(ജി) ഇദ്ദേഹം തിരിച്ചുവന്നപ്പോൾ വിസ കാണിച്ചിരുന്നുവോ ;

(എച്ച്) വിസ ഇല്ലാതെ സംസ്ഥാനത്തിനകത്ത് സഞ്ചരിക്കാൻ ഇയാളെ അനുവദിച്ച എമിഗ്രേഷൻ അധികൃതരുടെ മേൽ എന്ത് നടപടിയെടുത്തു ; ഒരു നടപടിയും എടുക്കാത്ത പക്ഷം അതിനുള്ള കാരണമെന്തന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-എച്ച്) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നമ്പർ 25022/45/94/ എഫ്.ഐ തീയതി 28-3-1995 പ്രകാരം നയതന്ത്ര/ഔദ്യോഗിക പാസ്പോർട്ട് ഉള്ള സോഷ്യലിസ്റ്റ് റിപ്പബ്ലിക് ഓഫ് വിയറ്റ്നാമിലെ പൗരന്മാരെയാണ് വിസ കൂടാതെ ഇൻഡ്യയിൽ പ്രവേശിപ്പിക്കുന്നതിന് അനുവദിച്ചിട്ടുള്ളത്. അപ്രകാരം പ്രവേശിക്കുന്ന ആളുകൾക്ക് 90 ദിവസത്തിൽ കൂടാത്ത സമയംവരെ ഇൻഡ്യയിൽ താമസിക്കുവാനും അനുവാദമുണ്ട്. ഹ്യൂയേൻ ഹായിഖാൻ എന്നയാൾ സോഷ്യലിസ്റ്റ് ഓഫ് വിയറ്റ്നാമിന്റെ ഡിപ്ലോമേറ്റിംഗ് പാസ്പോർട്ടുമായാണ് എത്തിയത്. ഇതുകാരണം കേന്ദ്രഗവൺമെന്റിന്റെ 28-3-1995 ലെ മേൽപ്പറഞ്ഞ മാനദണ്ഡമനുസരിച്ച് പ്രത്യേക വിസയുടെ ആവശ്യം ഉണ്ടായിരുന്നില്ല. ഹ്യൂയേൻ ഹായി ഖാൻ ചികിത്സാർത്ഥം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോയിരുന്നു.

പ്രവാസി മലയാളികളുടെ നിവേദനം

145 (102) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജോലി ആവശ്യാർത്ഥം വിദേശത്ത് കഴിയുന്ന മലയാളികൾ വിവിധ സംഘടനകൾ മുഖേനയും വ്യക്തികൾ

LIBRARY ARCHIVES Kerala Legislative Assembly

മുഖേനയും എന്തെല്ലാം ആവശ്യങ്ങളാണ് നിവേദനം മൂലം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ആവശ്യങ്ങളിൽ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രവാസി മലയാളികളെ സെൻസസ്സിൽ നിന്നും ഒഴിവാക്കപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇവരെ ഉൾപ്പെടുത്താൻ എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിദേശത്ത് കാണാതാകുന്നവരെപ്പറ്റിയുള്ള അന്വേഷണം, അവിടെ മരണമടയുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുവാൻ സഹായം, അവിടെ ജോലി ചെയ്തവരുടെ ആശ്രിതർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ, തൊഴിലുടമയിൽ നിന്നും പീഡനങ്ങൾ അനുഭവിക്കുന്നവരെ നാട്ടിലെത്തിക്കുന്നതിനുള്ള സഹായം, ട്രാവൽ ഏജൻസികൾക്കെതിരെയുള്ള പരാതികൾ, കുടുംബാംഗങ്ങൾക്കും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ട് അപേക്ഷകൾ മുതലായവ സംബന്ധിച്ച നിവേദനങ്ങൾ ലഭിച്ചു വരുന്നു. കൂടാതെ, വിദ്യാഭ്യാസം, പാർപ്പിടം, വിമാന യാത്രകൂലി വർദ്ധന, കസ്റ്റംസ് ഡ്യൂട്ടി, പാസ്പോർട്ട്, പ്രവാസി സുരക്ഷ സാമൂഹ്യ ക്ഷേമ പദ്ധതി മുതലായവ സംബന്ധിച്ചുള്ള അന്വേഷണങ്ങളും ലഭിക്കുന്നുണ്ട്. നിവേദനങ്ങളിലും പരാതികളിലും കേന്ദ്ര വിദേശകാര്യ വകുപ്പ്, മറ്റു സംസ്ഥാന ഗവൺമെന്റുകൾ, സർക്കാർ ഏജൻസികൾ, ഇന്ത്യൻ എംബസികൾ, സംസ്ഥാനത്തെ ബന്ധപ്പെട്ട വകുപ്പുകൾ മുതലായവയുമായി ബന്ധപ്പെട്ട് പരിഹാരം തേടിവരുന്നു.

(സി&ഡി) സെൻസസ് സംബന്ധിച്ച ചോദ്യാവലി കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലാണ് നല്കുന്നത്. എന്യൂമറേഷൻ കാലയളവിന്റെ ഒരു സന്ദർഭത്തിലും സംസ്ഥാനത്ത് അവരവരുടെ ഗൃഹങ്ങളിൽ ഹാജരല്ലാത്ത മറുനാടൻ മലയാളികളെ സെൻസസിൽ ഉൾപ്പെടുത്താൻ കഴിയില്ലെന്നാണ് കേന്ദ്ര സർക്കാരിന്റെ സെൻസസ് വകുപ്പ് അറിയിച്ചിരിക്കുന്നത്.

ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ പ്രവർത്തനം

146 (110) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് വിവരസാങ്കേതിക രംഗത്ത് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly